# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6181** — **04/07/2019 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി കാനറാ ബാങ്കിന്റെ സഹകരണത്തോടെ (COTVM/AFPS/CASHEW REV/2019 dtd 25-02-2019 പ്രകാരം) 2019 മാർച്ചിൽ ബഹു. മുഖ്യമന്ത്രി ഇടപെട്ട് വിതരണം ചെയ്ത സഹായധനം പ്രസ്തുത വ്യവസായികൾക്ക് നാളിതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും പുനരുദ്ധാരണത്തിനായുള്ള അധികവായ്പ അനുവദിക്കുന്ന കാര്യത്തിൽ ലോകസഭാ തെരഞ്ഞെടുപ്പ് കാരണം ചില തടസ്സങ്ങൾ നേരിട്ടിരുന്നു. ഇപ്പോൾ ധനസഹായം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. 14/06/2019 ലും 05/07/2019 ലും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ അവലോകനം ചെയ്തതിന്റെ ഭാഗമായി വ്യവസായികൾ ധനകാര്യ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന പക്ഷം ജൂലൈ 31 നകം വായ്പ ലഭ്യമാക്കുമെന്ന് കാനറാബാങ്ക് സമ്മതിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളും തുടർനടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്. എൻ.പി.എ അക്കൗണ്ട് ആയിട്ടുള്ള വ്യവസായികളുടെ ഫാക്ടറികളാണ് അടഞ്ഞുകിടക്കുന്നത്. ടി അക്കൗണ്ട് ഹോൾഡേഴ്സിന് റി ഫിനാൻസ് കൊടുക്കുകയാണെങ്കിൽ 9% പലിശ സർക്കാർ നൽകുമെന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം 32 കാഷ്യൂ ഫാക്ടറികൾക്കായി 43.64 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് കാനറാ ബാങ്കിന്റെ കൊല്ലം റീജിയണൽ ഓഫീസിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്. റി ഫൈനാൻസ് നൽകുന്നത് സംബന്ധിച്ച് കാഷ്യൂ വ്യവസായവുമായി ബന്ധപ്പെട്ട 17 ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ അറിയിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ |
| (ബി) എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | |
| (സി) പത്തനംതിട്ടയിലും കൊല്ലത്തുമുള്ള പല കാഷ്യൂ കമ്പനികളും ചില ബാങ്കുകളുടെ നിർദ്ദേശപ്രകാരം അടച്ചുപൂട്ടിയിരിക്കുകയാണെന്നും അവ കാട് കയറി നശിച്ചു കൊണ്ടിരിക്കുകയാണെന്നും പരിശോധിച്ചിട്ടുണ്ടോ; | |
| (ഡി) പ്രസ്തുത വിഷയം പരിശോധിച്ച് കമ്പനികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | |

തൊട്ടണ്ടിയുടെ അഭാവം കാരണവും സാമ്പത്തിക മാന്ദ്യം മൂലവും 226 കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നുണ്ട് എന്ന വിവരം ലഭിച്ചിട്ടുണ്ട്. സാദ്ധ്യമായ എല്ലാ ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ചെറുകിട വ്യവസായികൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി ബാങ്ക് നൽകുന്ന എല്ലാ വായ്പകൾക്കും സർക്കാർ പലിശ സബ്സിഡി നൽകുന്നതാണ്.

Radhakrishnan

സെക്ഷൻ ഓഫീസർ